# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

### നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.2641 11.06.2011 ൽ മറുപടിയ്ക്ക്

<u>സാംസ്ക്കാരിക വിനോദ സഞ്ചാര സമുച്ചയത്തിന്റെ കെട്ടിട നിർമ്മാണം</u>

| **ചോദ്യം**<br>**ശ്രീ.സി.കെ. സദാശിവൻ** | | **ഉത്തരം**<br>**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**<br>**(മരാമത്ത് വകുപ്പ് മന്ത്രി)** | |
|---|---|---|---|
| എ) | കായംകുളം അസംബ്ലി നിയോജകമണ്ഡലത്തിൽ കൃഷ്ണപുരം (അതിർത്തിച്ചിറ) സാംസ്ക്കാരിക വിനോദസഞ്ചാര സമുച്ചയത്തിനായി നിർമ്മിച്ചുകൊണ്ടിരിക്കുന്ന കെട്ടിടത്തിൽ എന്തെല്ലാം സൗകര്യങ്ങളാണ് ഒരുക്കുന്നത് എന്ന് വിശദമാക്കാമോ; | എ) | കൃഷ്ണപുരം (അതിർത്തിച്ചിറ) സാംസ്കാരിക കേന്ദ്രത്തിനുവേണ്ടി നിർമ്മിക്കുന്ന കെട്ടിടത്തിന്റെ താഴത്തെ നിലയിൽ 1105 സ്ക്വ.മീറ്ററും, മുകളിലത്തെ നിലയിൽ 232 സ്ക്വ.മീറ്ററും കൂടി ആകെ 1337 സ്ക്വ.മീറ്റർ തറ വിസ്തീർണ്ണമുള്ള കെട്ടിടമാണ് നിർമ്മിച്ചുകൊണ്ടിരിക്കുന്നത് ഇതിന്റെ താഴത്തെ നിലയിൽ ഓഫീസ് മുറിയും 5 ഹാളുകളും, ഒരുലോബിയും, നടുമുറ്റവും വരാന്തകളുമുണ്ട്. മുകളിലത്തെ നിലയിൽ ഒരു ഹാൾ ആണ് ഉള്ളത്. |
| ബി) | പൊതുമരാമത്ത് ഫണ്ട് ഉപയോഗിച്ച് നിർമ്മിക്കുന്ന സാംസ്ക്കാരിക വിനോദ സഞ്ചാര സമുച്ചയത്തിന്റെ 2-ാം ഘട്ട പ്രവൃത്തികൾക്കായി എത്ര രൂപയാണ് അനുവദിക്കുന്നത്; | ബി) | രണ്ടാം ഘട്ട പ്രവൃത്തികൾക്കായി തുകയൊന്നും ഇതുവരെ അനുവദിച്ചിട്ടില്ല. |
| സി) | പദ്ധതികൾ ഉൾപ്പെടുത്തിയിട്ടുള്ള മ്യൂസിയം, ആർട്ട് ഗ്യാലറി, ഓണാട്ടുകരയിലെ മഹാരഥൻമാരുടെ പ്രതിമകൾ, ചുവർ ചിത്രങ്ങൾ, കുളത്തിനു കൽപ്പടവുകൾ, നടപ്പാതയും, പവലിയനും, പെഡൽ ബോട്ടുജെട്ടി, അലങ്കാര ദീപങ്ങൾ, കുഴൽക്കിണർ, വാട്ടർ ടാങ്ക്, ഓഫീസ്, ടോയ്ലെറ്റ് ബ്ലോക്ക് എന്നിവ ഏത് ഘട്ടത്തിലുൾപ്പെടുത്തിയാണ് നടപ്പിലാക്കുന്നത് ? | സി) | കുഴൽ കിണർ, വാട്ടർടാങ്ക്. ഓഫീസിനുള്ള സൗകര്യം, ടോയ്ലറ്റ് എന്നിവ ഇപ്പോൾ നിർമ്മാണം പുരോഗമിച്ചു കൊണ്ടിരിക്കുന്ന പണിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കൽപ്പടവുകൾ, നടപ്പാത, പവലിയൻ, പെഡൽ ബോട്ടുജെട്ടി മുതലായവ രണ്ടാം ഘട്ടത്തിൽ ഉൾപ്പെടുത്തി ചെയ്യുവാനാണ് ഉദ്ദേശിക്കുന്നത്. കെട്ടിടം പണി പൂർത്തിയായതിനു ശേഷം ആർട്ട് ഗ്യാലറി, ഓണാട്ടുകരയിലെ മഹാരഥന്മാരുടെ പ്രതിമകൾ, ചുവർ ചിത്രങ്ങൾ എന്നിവ സാംസ്കാരിക വകുപ്പ് വഴി ഒരുക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ